# ആദിവാസി-ദലിത് വിഭാഗങ്ങളും കേരള നവോത്ഥാനവും

സ്ത്രീകൾക്ക് മല ചവിട്ടാനുള്ള അധികാരം ഇല്ല എന്നത് ഭരണഘടനയുമായി ബന്ധപ്പെട്ടല്ല പൊതുസമൂഹം കാണുന്നത് എന്ന് എം.ജി. യൂണിവേഴ്സിറ്റി അധ്യാപകനും രാഷ്ട്രീയ നിരീക്ഷകനുമായ **ഡോ. എം.വി. ബിജുലാൽ**

**ലോകമാസകലമുള്ള** ആദിവാസികളുടെ സാമൂഹികാധികാരങ്ങളും സാംസ്കാരികാധികാരങ്ങളും ദ്രവ്യാധികാരങ്ങളും ഇല്ലാതാകുന്നതിന്റെ തുടർച്ചകളാണ് കേരളത്തിലും നടക്കുന്നത്. ബ്രസീലിലെ ഒരു പ്രധാന ഭരണപക്ഷം, ഖനനം നടക്കുന്ന പ്രദേശത്ത് നിന്നും ആദിവാസികൾ സ്വമേധയാ ഒഴിഞ്ഞുപോയില്ലെങ്കിൽ അവരെയില്ലാതാക്കുമെന്ന് യാതൊരുവിധ അർത്ഥശങ്കയുമില്ലാതെ പറഞ്ഞുവെച്ചിരിക്കുകയാണ്. ഇന്ത്യയടക്കമുള്ള പല ജനാധിപത്യ രാജ്യങ്ങളിലും ഇത്രയ്ക്ക് വ്യക്തമായി പറയുന്നില്ലെങ്കിൽ പോലും ആദിവാസി സമൂഹം ഈ പ്രശ്നം വളരെ വ്യാപകമായി അനുഭവിക്കുന്നുണ്ട്. കേരളത്തിലെ ആദിവാസികളുടെ സമരങ്ങളുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ കൊളോണിയൽ ആധിപത്യത്തിനെതിരായ നിരന്തരമായ നിലപാടുകളുള്ള സമൂഹമായി വയനാട്ടിലെ പണിയ സമുദായത്തിന്റെ രാഷ്ട്രീയ ചരിത്രം നിലനിൽക്കുന്നുണ്ട്. കേരളത്തിൽ ഒരുപക്ഷെ ഏറ്റവും തീവ്രമായ രാഷ്ട്രീയയുക്തിയോടുകൂടി കൊളോണിയലിസത്തിനെതിരെ സമരം ചെയ്തവർ ആദിവാസികളായിരുന്നു. ദ്രവ്യത്തിനും മാനത്തിനും സാമൂഹ്യാധികാരത്തിനും മുൻഗണന നൽകികൊണ്ട് തങ്ങളുടെ അധികാരം സ്ഥാപിച്ചെടുക്കാനുള്ള സായുധവും അല്ലാത്തതുമായ കലാപങ്ങളിൽ ആദിവാസികൾ എങ്ങിനെ എത്തി എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

1990 കളിൽ സ്വതസിദ്ധമായി രൂപംകൊണ്ട അവകാശസമരങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസികൾ തങ്ങൾക്ക് അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നു. ചരിത്രപരമായ മുന്നേറ്റങ്ങളുടെ ഭാഗമായാണ് മുത്തങ്ങാസമരവും ചെങ്ങറ സമരവുമെല്ലാം രൂപപ്പെടുന്നത്. ഒരുപക്ഷെ കേരളത്തിലെ നവോത്ഥാനമെന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന നീതിക്കുവേണ്ടിയുള്ള ശ്രമങ്ങളായിരുന്നു. ഇതിനുവവേണ്ട ഏറ്റവും ശ്രമകരമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ഇവിടുത്തെ ആദിവാസി-ദലിത് വിഭാഗങ്ങളാണ്. ഏറ്റവും നിർണ്ണായകമായ മുദ്രാവാക്യങ്ങൾ അവരിൽ തന്നെയാണ് മുഴങ്ങി കേട്ടിട്ടുള്ളത്.

കേരളത്തിലെ നവോത്ഥാനപരമായ മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുത്തിരിക്കുന്ന പല വ്യക്തിത്വങ്ങളും ചെയ്തിരിക്കുന്ന ഏറ്റവും പ്രധാനമായ ഒരു കാര്യം ബ്രാഹ്മണാധികാരത്തിന്റെ ലഘുരൂപങ്ങളെ ഒരു സാംസ്കാരിക പദ്ധതിയായി സ്വന്തം ജനങ്ങളുടെ ഇടയിലേക്ക് വിനിമയം ചെയ്തു എന്നതാണ്. സ്ത്രീകൾക്കുള്ള അധികാരത്തെ ഇല്ലാതാക്കുന്നതിൽ ഇവർ മത്സരിച്ചു. സ്ത്രീകളെ ഈ നേതൃത്വങ്ങൾ എങ്ങിനെ ഒഴിവാക്കി എന്നതിന്റെ ചരിത്രം ശ്രദ്ധിച്ചാൽ (ദൈവസ്ഥാനങ്ങളിൽ നിന്നു പോലും സ്ത്രീകളെ ഒഴിവാക്കുന്നു) നവോത്ഥാനത്തിനുള്ളിൽ സംഭവിച്ചിരിക്കുന്ന കൃത്യമായ ജാഗ്രത പുലർത്തലിനെക്കുറിച്ച് മനസ്സിലാകും. യൂറോപ്യൻ മോഡേണിറ്റിയുടെ ഭാഗമായി സ്ത്രീകളെ ദൈവസ്ഥാനത്ത് നിന്നും ഒഴിവാക്കുന്ന പ്രക്രിയയുടെ മറ്റൊരു പതിപ്പാണ് കേരളത്തിലും സംഭവിച്ചിട്ടുള്ളത്. ഇത് തീർത്തും ശുദ്ധമായ സ്ത്രീവിരുദ്ധത മാത്രമാണ്. ഈ ആശയം രൂപീകരിക്കുന്നതിന് ശേഷമുണ്ടാകുന്ന സമൂഹത്തിലാണ് ഒരു അനുരഞ്ജനമുണ്ടാകുന്നതും ആദിവാസികൾക്കിടയിൽ പോലും സ്ത്രീകളെ മാറ്റിനിർത്തുന്നതും.

സ്ത്രീകൾക്ക് അധികാരവും അവകാശവും ഉള്ള ഒരുകാര്യത്തെക്കുറിച്ച് മാത്രമെ നമുക്ക് ചർച്ച ചെയ്യേണ്ടതുള്ളു. ജാതീയാചാരങ്ങളുടെയും ബ്രാഹ്മണാചരങ്ങളുടെയും അകലത്തിന്റെയും അഴുക്കിന്റെയും ക്രമത്തിനുള്ളിൽ നിന്നുകൊണ്ട് സ്വന്തം ജനതയ്ക്ക് ആചാരവിധികൾ ഉണ്ടാക്കരുതെന്ന രീതി നമുക്കുണ്ടാകണം. സ്ത്രീകൾക്കെതിരായ വിവേചനങ്ങളിൽ നിന്നാണ് നമ്മുടെ സമൂഹത്തിന്റെ തുടക്കം തന്നെ. ആ തുടക്കത്തിനകത്തു നിന്നാണ് നാം സംസാരിക്കുന്നത്. അതുകൊണ്ടാണ് പതിനായിരക്കണക്കിന് സ്ത്രീ

കൾ തെരുവുകളിലിറങ്ങി നിന്ന് "ഞങ്ങൾ നിൽക്കാം...സ്ത്രീകൾ കയറൂ" എന്നു പറയുന്നത്. അതുകൊണ്ടാണ് ക്രോധം വന്നൊരു സ്ത്രീ മുഖ്യമന്ത്രിയെ ജാതി വിളിച്ചാക്ഷേപിച്ചത്. മുഖ്യമന്ത്രി ആരാണ് എന്നത് ഒരു സ്ത്രീ പറഞ്ഞു എന്നതാണ് നിർണ്ണായകമായ വിജയം. ഇതാണ് നമ്മെ നഗരാക്കുന്നത്. ഇതുവഴിയാണ് രാജാധിപത്യം ചോദ്യം ചെയ്യപ്പെടുന്നത്. കേരളത്തിൽ സാമൂഹ്യ സമയം (social time) എന്നത് ഒരു പാറ പോലെ നിൽക്കുകയാണ്. ശബരിമലയിൽ സ്ത്രീകൾ കയറണമെന്നത് രാഹുൽഗാന്ധിയുടെ വ്യക്തിപരമായ നിലപാടാണെന്നാണ് കേരളത്തിലെ കോൺഗ്രസ് നേതാക്കൾ പറയുന്നത്. സ്വതന്ത്രമായും സ്വകാര്യമായും സ്ത്രീകൾ കയറരുതെന്ന പറയുന്നവരാണ് സി പി എം. സി പി ഐക്ക് പ്രത്യേകിച്ച് നിലപാടൊന്നുമില്ല താനും. സ്ത്രീകൾ അഴുക്കാണ് അതുകൊണ്ട് ശബരിമലയിൽ കയറരുത് എന്ന് സ്ത്രീകളടക്കം പറയുന്നു. സ്ത്രീകൾക്ക് മല ചവിട്ടാനുള്ള അധികാരം ഇല്ല എന്നത് ഭരണഘടനയുമായി ബന്ധപ്പെട്ടല്ല പൊതുസമൂഹം കാണുന്നത്. ഇത് ഒരു സംസ്കാരത്തിന്റെ പ്രശ്നമാണ്. ഈ സംസ്കാരം എന്നത് വാസ്തവത്തിൽ മതബന്ധിതമായി പുലർത്തേണ്ട ഒന്നല്ല. ഒരു പുരാതന സമൂഹം അതിന്റെ ജീവിതവൃത്തിയെ മുന്നോട്ടുകൊണ്ടുപോകുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള ഒരുകൂട്ടം ഉടമ്പടികളുണ്ട്. അതിൽ സ്ത്രീകളും പുരുഷന്മാരും തുല്യരാണ്.

ആദിവാസികളെയും സ്ത്രീകളെയും ഒറ്റിക്കൊടുക്കുന്ന രണ്ടുപ്രധാന സംഭവങ്ങളുണ്ടായത് കേരള നിയമസഭയിലാണ്. ഇരുവരുടെയും പരമ്പരാഗതമായ സ്വത്തവകാശത്തെക്കുറിച്ചുള്ള നിയമങ്ങളെ ഏകകണ്ഠമായി തള്ളിക്കളഞ്ഞുക്കൊണ്ടുള്ള തീരുമാനമാണുണ്ടായത്. ഒരു തരത്തിലുള്ള നവോത്ഥാനവും നമ്മൾ പറയേണ്ടതില്ല എന്നാണീ സംഭവങ്ങൾ വ്യക്തമാക്കുന്നത്. ഭൂരിപക്ഷസമൂഹത്തിന്റെ സ്ത്രീവിരുദ്ധതയും ആദിവാസി വിരുദ്ധതയും വ്യക്തമായി അടയാളപ്പെടുത്തുന്ന രീതിയിലുള്ള ഏറ്റവും നീചമായ കാലമാണിത്. ഈ സമൂഹത്തിനകത്തു നിന്നുകൊണ്ട് ജനാധിപത്യത്തിന് വേണ്ടി സംസാരിക്കുകയാണ് ഈ സംവാദത്തിലൂടെ നാം. ആദിവാസികളെ സംബന്ധിച്ച് തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസവും ഭക്ഷണവും വസ്ത്രവും നൽകി അഭിമാനത്തോടെ ജീവിക്കാൻ വേണ്ടിയുള്ള സമരമാണിത്. ആരെയും വർഗ്ഗീകരിച്ച് തമ്മിൽതല്ലിക്കുക എന്നതല്ല ആദിവാസികളുടെ രീതി.

കാവുകളുടെയും പതികളുടെയും മാറ്റങ്ങളെ ചെറുക്കുക എന്നതും തിരിച്ചുപിടിക്കുക എന്നുള്ളതും ഭൂഅധികാരവുമായി ബന്ധപ്പെട്ട പ്രധാനമായ സംഗതിയാണ്. ഇതുമായി ബന്ധപ്പെട്ട ഗൗരവമായ പഠനങ്ങൾ നാം നടത്തണം. സ്ത്രീകളുടെ സ്വാഭാവികമായ സാമൂഹിക പൗരത്വം അശുദ്ധി കൽപ്പിച്ച് ഇല്ലാതാക്കുന്നത് നമ്മുടെ സമൂഹങ്ങൾക്കുള്ളിൽ എങ്ങിനെയാണ് രൂപപ്പെട്ട് വന്നതെന്ന് നാം അന്വേഷിക്കണം. ഊരുക്കൂട്ട വ്യവസ്ഥിതിയെ വനാവകാശ കർതൃത്വം നടപ്പിലാക്കുന്നതിനായി എങ്ങിനെ ഫലവത്താക്കാൻ പറ്റും എന്നതിനെ സംബന്ധിക്കുന്ന ആലോചനകളും നമുക്കിടയിലുണ്ടാകണം. ഭരണാധികാരത്തിൽ പങ്കില്ലെങ്കിൽ പല കാര്യങ്ങളും ചെയ്യാൻ പറ്റില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വ്യക്തികളുടെ അവകാശങ്ങളെ അംഗീകരിക്കുന്ന വ്യക്തികളെയെങ്കിലും ഭരണാധികാരത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയണം. ■



തന്ത്രികൾ പടിയിറങ്ങുക, ശബരിമല ആദിവാസികൾക്ക് എന്ന മുദ്രാവാക്യം ഉയർത്തി നടന്ന വില്ലുവണ്ടി യാത്ര